بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 01.04.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെയിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 15

## മതപരിത്യാഗത്തിന് വധശിക്ഷയല്ല ഇസ്‌ലാമിലുള്ളത്.

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

അബൂബക്കർ(റ)ന്റെ കാലത്തെ ഫിത്നകളെക്കുറിച്ച്, വാഗ്ദത്ത മസീഹ്(അ) സിർറുൽഖിലാഫ എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: ഇബ്നു ഖൽദൂനും ഇബ്നു അഥീറും എഴുതിയത്, ബനൂ ത്വേ, ബനൂ അസദ്, ബനൂ ഗത്ഫാൻ, ബനൂ ഹവാസൻ, ബനൂ സലീം ഗോത്രങ്ങളും ഒപ്പം അറേബ്യയിലെ സാധാരണക്കാരും പ്രധാനികളും മുർത്തദ്ദുകളാകുകയും. അവർ സകാത്ത് നൽകുന്നത് നിർത്തുകയും ചെയ്തു. തിരുനബി(സ)ന്റെ വിയോഗവും തങ്ങളുടെ അംഗബലകുറവും ശത്രുക്കളുടെ ബാഹുല്യവും നിമിത്തം, മഴയുള്ള രാത്രിയിൽ ആടുമാടുകളുടെ അവസ്ഥപോലെ, മുസ്‌ലിംകൾ ഭയന്ന് ഒരിടത്ത് ഒത്തുകൂടിയിരുന്നു. ഉസാമ(റ)ന്റെ സൈന്യത്തെ നമ്മിൽ നിന്ന് വിട്ടയക്കരുത് എന്ന് ആളുകൾ അബൂബക്കർ(റ)നോട് പറഞ്ഞു. എന്നാൽ നബി(സ)യുടെ തീരുമാനം റദ്ദാക്കാൻ തനിക്ക് കഴിയില്ലെന്ന് അബൂബക്കർ(റ) പറയുകയുണ്ടായി. വാഗ്ദത്ത മസീഹ്(അ) പറയുന്നു: അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുന്നത് അല്ലാഹുവിന്റെ റസൂൽ(സ)യുടെ മരണശേഷം അബൂബക്കർ(റ) മുഖേന നമുക്ക് അല്ലാഹു ഔദാര്യം ചെയ്തില്ലായിരുന്നെങ്കിൽ നമ്മൾ മിക്കവാറും നശിപ്പിക്കപ്പെടുമായിരുന്നു. അദ്ദേഹം ഞങ്ങളെ സകാത്തിന് വേണ്ടി പോരാടാനും, മരണം നമ്മെ പിടികൂടുന്നതുവരെ അല്ലാഹുവിനെ ആരാധിക്കാനുംവേണ്ടി ഒന്നിപ്പിക്കുകയുണ്ടായി.

എല്ലാ അറബികളുടെയും മതപരിത്യാഗത്തിനും സകാത്ത് നൽകാൻ വിസമ്മതിച്ചതിനുംശേഷം ഹദ്റത്ത് അബൂബക്കർ(റ) എല്ലാവരോടും യുദ്ധം ചെയ്തു. ചരിത്രപുസ്തകങ്ങളിലും ജീവചരിത്രത്തിലും ഇത്തരക്കാർക്കെല്ലാം മുർത്തദ്ദ് എന്ന വാക്ക് ഉപയോഗിച്ച കാരണത്താൽ മതപരിത്യാഗത്തിനുള്ള ശിക്ഷ വധമാണെന്ന് ജീവചരിത്രകാരന്മാരും പണ്ഡിതന്മാരും തെറ്റിദ്ധരിക്കാൻ കാരണമായി. എന്നാൽ, വിശുദ്ധ ഖുർആനോ തിരുനബി(സ)യോ മതപരിത്യാഗത്തിനുള്ള ശിക്ഷ വധമാണെന്നോ മറ്റേതെങ്കിലും ശിക്ഷയാണെന്നോ പറഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ചില ഖുർആനിക വാക്യങ്ങൾ സമർപ്പിക്കുകയാണ്.

وَمَنۡ یَّرۡتَدِدۡ مِنۡکُمۡ عَنۡ دِیۡنِہٖ فَیَمُتۡ وَہُوَ کَافِرٌ فَاُولٰٓئِکَ حَبِطَتۡ
اَعۡمَالُہُمۡ فِی الدُّنۡیَا وَالۡاٰخِرَۃِ ۚ وَاُولٰٓئِکَ اَصۡحٰبُ النَّارِ ۚ ہُمۡ فِیۡہَا خٰلِدُوۡنَ

നിങ്ങളിൽ നിന്ന് തന്റെ മതത്തിൽ നിന്നു പിന്തിരിഞ്ഞുപോവുകയും അങ്ങനെ അവിശ്വാസിയായും കൊണ്ട് മരിക്കുകയും ചെയ്യുന്നവരുടെ കർമങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിപ്പോകുന്നതാണ്. അവർ നരകാവകാശികളാകുന്നു. അവരതിൽ (ദീർഘകാലം) വസിക്കുന്നവരായിരിക്കും. (2:118)

اِنَّ الَّذِیۡنَ اٰمَنُوۡا ثُمَّ کَفَرُوۡا ثُمَّ اٰمَنُوۡا ثُمَّ کَفَرُوۡا ثُمَّ ازۡدَادُوۡا کُفۡرًا
لَّمۡ یَکُنِ اللّٰہُ لِیَغۡفِرَ لَہُمۡ وَلَا لِیَہۡدِیَہُمۡ سَبِیۡلًا ﴿۱۳۸﴾

വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നെയും വിശ്വസിക്കുകയും പിന്നെയും അവിശ്വസിക്കുകയും പിന്നീട് അവിശ്വാസം വർധിക്കുകയും ചെയ്തവർക്ക് അല്ലാഹു ഒരിക്കലും പൊറുത്തുകൊടുക്കുകയില്ല. അവർക്ക് (മോക്ഷ)മാർഗം കാണിച്ചു കൊടുക്കുകയുമില്ല. (4:138)

അതിനാൽ, മതപരിത്യാഗത്തിന് വധശിക്ഷയല്ലായെന്ന് വളരേ സ്പഷ്ടമായി തന്നെ നിഷേധഭാവത്തിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ഇതു തന്നെയാണ് നമ്മുടെ സാഹിത്യങ്ങളിലും വിശദീകരിക്കുന്നത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) തന്റെ തർജമത്തുൽ ഖുർആനിൽ പ്രസ്താവിച്ചിരിക്കുന്നത്, ഒരാൾ മുർത്തദ്ദാകുകയും പിന്നീട് വിശ്വസിക്കുകയും പിന്നീട് വിശ്വാസത്യാഗം ചെയ്യുകയും വീണ്ടും വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ, അവന്റെ തീരുമാനം അല്ലാഹുവിന്റെ ബാധ്യതയിലാണുള്ളത്, ഒരാൾ അവിശ്വാസത്തിൽ മരണപ്പെടുകയാണെങ്കിൽ തീർച്ചയായും അയാൾ നരകാവകാശിയാണ്. മുർത്തദ്ദിനുള്ള ശിക്ഷ വധമായിരുന്നെങ്കിൽ, അവൻ ആവർത്തിച്ച് വിശ്വസിക്കുകയും അവിശ്വസിക്കുകയും ചെയ്യുന്നതിന്റെ പ്രശ്നം തന്നെ ഉദിക്കുന്നില്ല.

മതം എല്ലാ തരത്തിലുമുള്ള ബലപ്രയോഗത്തെയും നിഷേധിച്ചുകൊണ്ട് പറയുന്നത്,

لَآ اِكْرَاهَ فِي الدِّيْنِ ۖ قَدْ تَّبَيَّنَ الرُّشْدُ مِنَ الْغَيِّ ۚ فَمَنْ يَّكْفُرْ
بِالطَّاغُوْتِ وَيُؤْمِنْ بِاللّٰهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقٰى ۚ
لَا انْفِصَامَ لَهَا ۗ وَاللّٰهُ سَمِيْعٌ عَلِيْمٌ ﴿٢٥٧﴾

മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സൻമാർഗം ദുർമാർഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ദുഃശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ തീർച്ചയായും ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത് (എന്നു ധരിച്ചുകൊള്ളുക). അത് ഒരിക്കലും മുറിഞ്ഞുപോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാകുന്നു. **(2:257)**

പിന്നെ (വിശുദ്ധ ഖുർആന്റെ ഈ വീക്ഷണത്തെ പിന്തുണച്ചുകൊണ്ട്) വിശുദ്ധ ഖുർആനിൽ പലയിടത്തും കപടവിശ്വാസികളെക്കുറിച്ചുള്ള പരാമർശമുണ്ട്, ഏതെങ്കിലും കപടവിശ്വാസിക്ക് (അവരുടെ തിന്മകൾക്ക്) ഏതെങ്കിലും തരത്തിലുള്ള ശിക്ഷയെക്കുറിച്ചുള്ള ഒരു പരാമർശവുമില്ല. കാപട്യത്തിന് ഒരു കപടവിശ്വാസിയും ശിക്ഷിക്കപ്പെട്ടിട്ടില്ലെന്ന് ഇസ്‌ലാമിന്റെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. കപടവിശ്വാസികളെ പരാമർശിച്ച്കൊണ്ട് ഖുർആൻ പറയുന്നു:

قُلْ اَنْفِقُوْا طَوْعًا اَوْ كَرْهًا لَّنْ يُّتَقَبَّلَ مِنْكُمْ ۗ اِنَّكُمْ كُنْتُمْ
قَوْمًا فٰسِقِيْنَ ﴿٥٣﴾ وَمَا مَنَعَهُمْ اَنْ تُقْبَلَ مِنْهُمْ نَفَقٰتُهُمْ
اِلَّآ اَنَّهُمْ كَفَرُوْا بِاللّٰهِ وَبِرَسُوْلِهٖ وَلَا يَاْتُوْنَ الصَّلٰوةَ اِلَّا
وَهُمْ كُسَالٰى وَلَا يُنْفِقُوْنَ اِلَّا وَهُمْ كٰرِهُوْنَ ﴿٥٤﴾

പറയുക: നിങ്ങൾ ഇഷ്ടപ്പെട്ടുകൊണ്ടോ വെറുപ്പോടെയോ (അല്ലാഹുവിന്റെ മാർഗത്തിൽ) ചെലവഴിച്ച് കൊള്ളുക. നിങ്ങളുടെ പക്കൽ നിന്നത് സ്വീകരിക്കപ്പെടുകയില്ല. തീർച്ചയായും നിങ്ങൾ ധിക്കാരികളായ ഒരു ജനതയത്രേ. അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിച്ചിരിക്കുന്നു എന്നതും, അലസരായിക്കൊണ്ടല്ലാതെ അവർ നമസ്കാരത്തിന് ചെല്ലുന്നില്ല എന്നതും, വെറുത്തുകൊണ്ടല്ലാതെ അവർ (ദൈവമാർഗത്തിൽ) ചെലവഴിക്കുന്നില്ല എന്നതും അല്ലാതെ മറ്റൊന്നും അവരുടെ പക്കൽനിന്ന് അവരുടെ ദാനങ്ങൾ സ്വീകരിക്കപ്പെടുന്നതിന് തടസ്സമായിട്ടില്ല. **(9:53,54)**

ഹുസൂർ തിരുമനസ്സ് പറയുന്നു: *കാന ഖുൽഖുഹുൽ ഖുർആൻ* എന്നതിന്റെ സാക്ഷ്യവും വിശുദ്ധ ഖുർആൻ അവതരിച്ച അനുഗ്രഹീതനുമായ വ്യക്തി(സ) മതപരിത്യാഗിയെ പരാമർശിച്ച് എന്താണ് പറഞ്ഞതെന്ന് സ്വഹീഹ് ബുഖാരിയിൽ കാണാം. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)വിൽനിന്ന് നിവേദനം: ഒരു അനറബി നബി(സ)യുടെ അടുക്കൽ വന്ന് ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് നബി(സ)യ്ക്ക് ബൈഅത്ത് ചെയ്തു. പിറ്റേന്ന് മദീനയിൽ വെച്ച് അനറബിക്ക് പനി പിടിപെട്ടു. നബി(സ)യുടെ അടുത്ത് വന്ന്കൊണ്ട് പറഞ്ഞു: എന്റെ ബൈഅത്ത് എനിക്ക് തിരികെ തന്നാലും. അയാൾ മൂന്നു തവണ വീണ്ടും വന്നു. അയാൾ നബി(സ)യുടെ അടുക്കൽ മൂന്ന് തവണ വന്നിട്ടും അവിടുന്ന് മൂന്ന് തവണയും നിരസിച്ചു. തുടർന്ന് അഅ്റാബി മദീന വിട്ടു. ആ വ്യക്തിയുടെ ആവർത്തിച്ചുള്ള നബി(സ)യുടെ അടുക്കലേക്കുള്ള സന്ദർശനം മതപരിത്യാഗത്തിന് വധശിക്ഷ വിധിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. അങ്ങനെ അല്ലായിരുന്നെങ്കിൽ വീണ്ടും വീണ്ടും വന്ന ആ വ്യക്തിയോട്, ഇസ്‌ലാമിൽ മതപരിത്യാഗത്തിനുള്ള ശിക്ഷ വധമാണെന്നും മുർത്തദ് ആയാൽ നിങ്ങൾ വധിക്കപ്പെടുമെന്നും നബി(സ) എന്തുകൊണ്ട് പറഞ്ഞില്ല. ഈ അഅ്റാബിയുടെ ആവർത്തിച്ചുള്ള വിശ്വാസത്യാഗത്തെ പ്രകടമാക്കലിൽ നിന്നും അയാളുടെ നബി(സ)യുടെ അടുക്കലേക്ക് ആവർത്തിച്ചുള്ള വരവിൽനിന്നും ഇയാൾ മതം വിട്ടുപോകുന്നതിൽ നബി(സ) ശ്രദ്ധ കൊടുക്കാതിരുന്നതിൽ നിന്നും സ്വഹാബത്തിനോട് വധത്തിനാഹ്വാനം നടത്താത്തതിൽ നിന്നും അവസാനം അയാൾ യാതൊരു എതിർപ്പും കൂടാതെ മദീനയിൽ നിന്നും രക്ഷപ്പെടുന്നതിൽ നിന്നുമെല്ലാം വ്യക്തമാകുന്നത് ഇസ്‌ലാമിൽ മതപരിത്യാഗിക്കു ശരീഅത്ത് പരമായി ഒരു ശിക്ഷയുമില്ലായിരുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണ്. തുടർന്ന് നബി(സ) അയാളുടെ (മദീനയിൽ നിന്നുള്ള) തിരിച്ചുപോക്കിൽ ഒരു തരം സന്തോഷം പ്രകടിപ്പിച്ചതിൽ നിന്നും, ശുദ്ധമായതിൽ നിന്ന് മാലിന്യങ്ങളെ വേർതിരിക്കുന്ന ഒരു തീചൂള പോലെയാണ് മദീനയെന്ന് പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നത്, ഒരാളെ ബലം പ്രയോഗിച്ച് ഇസ്‌ലാം മതത്തിൽ പിടിച്ചു നിർത്തുന്ന തത്വത്തിന് എതിരാണ് നബി(സ) എന്നാണ്.

ഹുദൈബിയാ സന്ധിയിലെ രണ്ടാമത്തെ വ്യവസ്ഥ ഇതിന്റെ മറ്റൊരു തെളിവാണ്. അതനുസരിച്ച് മുസ്‌ലിംകളിൽ ആരെങ്കിലും മുർത്തദ്ദായി മുശ്‌രിക്കുകളുടെ അടുത്തേക്ക് പോയാൽ, മുശ്‌രിക്കുകളുൾ അവനെ തിരികെ (മുസ്‌ലിംകളിലേക്ക്) അയക്കുകയില്ല. മുർത്തദ്ദിനു വധശിക്ഷ ഇസ്‌ലാമിക നിയമത്തിൽ നിശ്ചയിച്ചിരുന്നെങ്കിൽ, അവിടുന്ന് ഒരിക്കലും ഇത്തരം ശരീഅത്ത് വിധി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ മുശ്‌രിക്കുകളുടെ ഈ വാക്കുകളെ അംഗീകരിക്കില്ലായിരുന്നുവെന്ന് ഈ വ്യവസ്ഥയിൽ നിന്ന് വ്യക്തമാണ്. ഇതുകൂടാതെയും നബി(സ)യുടെ കാലത്ത് പലരും ഇസ്‌ലാം മതത്തിൽ നിന്ന് മുർത്തദ്ദായെങ്കിലും അവരെ നേരിട്ടത് കേവലം മുർത്തദ്ദായ കാരണത്താലല്ലെന്ന് വ്യക്തമാക്കുന്ന നിരവധി സംഭവങ്ങളുണ്ട്. (മുസ്‌ലിംകൾക്കെതിരെയുള്ള) പോരാട്ടത്തിലും കലാപത്തിലും ഏർപ്പെടാത്തതുവരെ അവർക്കെതിരെ യുദ്ധം ചെയ്തിരുന്നില്ല.

ഈ വിശുദ്ധ ഖുർആൻ സൂക്തങ്ങളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ മതപരിത്യാഗത്തിനുള്ള ശിക്ഷ വധമല്ലെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ മതപരിത്യാഗത്തിന് വധശിക്ഷയല്ലെങ്കിൽ പിന്നെന്തിനാണ് ഹദ്റത്ത് അബൂബക്കർ(റ) മതപരിത്യാഗിയെ കൊല്ലാൻ ഉത്തരവിട്ടത് എന്ന ചോദ്യം ഉയരുന്നു.

അദ്ദേഹത്തിന്റെ കാലത്തെ മുർത്തദ്ദുകൾ, വെറും മുർത്തദ്ദുകൾ മാത്രമായിരുന്നില്ല; അവർ രക്തച്ചൊരിച്ചിലുകൾ ആഗ്രഹിച്ചിരുന്ന കലാപകാരികളായിരുന്നു. മദീന രാജ്യത്തെ മാത്രം ആക്രമിച്ചുകൊണ്ട് മുസ്‌ലിംകളെ കൊല്ലാൻ ഭീകരമായ പദ്ധതികൾ തയ്യാറാക്കുക മാത്രമായിരുന്നില്ല അവർ ചെയ്തത്, വ്യത്യസ്ഥ സ്ഥലങ്ങളിൽ മുസ്‌ലിംകളെ തിരഞ്ഞുപിടിച്ചു നിർദാക്ഷിണ്യം കൊല്ലുകയായിരുന്നു. ഇതുകാരണമായി പ്രതിരോധവും പ്രതികാരവും ആയിട്ടാണ് അവരോടു യുദ്ധം ചെയ്യേണ്ടി വന്നത്. وَجَزٰٓؤُا سَيِّئَةٍ سَيِّئَةٌ مِّثۡلُهَا തിന്മക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ് എന്നതിന്റെ അടിസ്ഥാനത്തിൽ അവർ മുഴുകിയിരുന്ന കുറ്റകൃത്യങ്ങൾക്ക് അതേ രീതിയിൽ ശിക്ഷകൾ കൊടുത്ത് വധിക്കുന്നതിനുള്ള കൽപ്പന നൽകിയതാണ്.

അല്ലാമാ ത്വബ്‌രി എഴുതുന്നു: ഹദ്റത്ത് അബൂബക്കർ(റ) അക്രമികളായ വിവിധ ഗോത്രങ്ങളെ പരാജയപ്പെടുത്തിയപ്പോൾ ബനൂ ദുബ്‌യാനും അബസും ഈ മുസ്‌ലിംകൾക്കുമേൽ ആക്രമണം നടത്തി. അവർ മുസ്‌ലിംകൾക്കിടയിൽ വസിക്കുന്നവരായിരുന്നു. അവരെ എല്ലാ നിലക്കും വധിച്ചു. ഇവർക്കു പിറകെ മറ്റു ഗോത്രങ്ങളും ഇസ്‌ലാമിൽ നിലനിന്നിരുന്നവരെ വധിക്കുകയുണ്ടായി.

സ്വഹീഹ് ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമാ ഐനി എഴുതുന്നു, സകാത്ത് നൽകാൻ വിസമ്മതിച്ചവരോട് ഹദ്റത്ത് അബൂബക്കർ(റ) യുദ്ധം ചെയ്തത് അവർ വാളുകൊണ്ട് സകാത്ത് തടഞ്ഞതുകൊണ്ടും മുസ്‌ലിം ഉമ്മത്തിനെതിരെ പോരാടിയതുകൊണ്ടും മാത്രമാണ്. ഇമാം ഖത്താബി എഴുതിയിരിക്കുന്നു, മതപരിത്യാഗികളുടെ കൂട്ടത്തിൽ ചേർന്നതുകൊണ്ടായിരുന്നു അവരെ മുർത്തദ്ദുകൾ എന്ന് വിളിച്ചിരുന്നത്.

ഭരണകൂടത്തിനെതിരെ സായുധ കലാപം നടത്തിയതിനും ഭരണകൂടത്തിന്റെ സ്വത്തുക്കൾ കൊള്ളയടിച്ചതിനും മുസ്‌ലിംകളെ കൊന്നതിനും ജീവനോടെ കത്തിച്ചതിനും വധശിക്ഷയ്ക്ക് അർഹരായവരാണ് ഇത്തരം മുർത്തദ്ദുകൾ എന്നാണ് ചരിത്ര പരാമർശങ്ങളുടെ സംഗ്രഹം.

ഏതുപോലെയെന്നാൽ ഖുർആൻ പറയുന്നു:

اِنَّمَا جَزٰٓؤُا الَّذِيۡنَ يُحَارِبُوۡنَ اللّٰهَ وَرَسُوۡلَهٗ وَيَسۡعَوۡنَ فِى الۡاَرۡضِ فَسَادًا اَنۡ يُّقَتَّلُوۡۤا اَوۡ يُصَلَّبُوۡۤا اَوۡ تُقَطَّعَ اَيۡدِيۡهِمۡ وَاَرۡجُلُهُمۡ مِّنۡ خِلَافٍ اَوۡ يُنۡفَوۡا مِنَ الۡاَرۡضِ

അല്ലാഹുവിനോടും അവന്റെ ദൂതനോടും യുദ്ധം ചെയ്യുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നതിനായി യത്നിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ, അവരെ വധിക്കുകയോ, ക്രൂശിക്കുകയോ, അവരുടെ കൈകാലുകൾ വ്യത്യസ്ത ഭാഗത്തു നിന്നു ഛേദിച്ചുകളയുകയോ നാട്ടിൽ നിന്ന് പുറത്താക്കുകയോ ചെയ്യുക മാത്രമാണ്. **(5:34)**

ബാക്കി കാര്യങ്ങൾ തുടർന്ന് വിശദീകരിക്കുന്നതാണ് ഇൻശാഹ് അല്ലാഹ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ജമാഅത്തിന്റെ മുറബ്ബിയായി വിരമിച്ച, നിലവിൽ യുഎസ്എയിൽ താമസിക്കുന്ന ബഹുമാന്യനായ മുഹമ്മദ് ബശീർ ശാദ് സാഹിബ്, സിയാൽകോട്ടിലെ റാണ മുഹമ്മദ് സിദ്ദിഖ് സാഹിബ്, ഇസ്‌ലാമാബാദിലെ ഡോക്ടർ മഹ്മൂദ് അഹ്മദ് ഖ്വാജ സാഹിബ് എന്നിവരെ അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 01.04.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**